"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഔദ്യോഗിക ഭാഷ - സെക്രട്ടേറിയറ്റിലെ ക്ഷീരവികസന വകുപ്പിലേയും ക്ഷീരവികസന വകുപ്പ് ഡയറക്ടേറ്റ്, ഉപഓഫീസുകൾ എന്നിവിടങ്ങളിലേയും ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനും നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.71/2025/DD തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:- 1. ഔദ്യോഗികഭാഷാ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.12.2024 തീയതി ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതല സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഔദ്യോഗിക ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും വകുപ്പ് സെക്രട്ടറിമാരുടെ അദ്ധ്യക്ഷതയിൽ വകുപ്പ് തല സമിതി യോഗം ചേരുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നോഡൽ ഓഫീസറെ നിയമിക്കണമെന്ന് പരാമർശം പ്രകാരമുള്ള യോഗത്തിലെ നടപടിക്കുറിപ്പിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ സെക്രട്ടേറിയറ്റിലെ ക്ഷീരവികസന വകുപ്പിലും ക്ഷീരവികസന വകുപ്പ് ഡയറക്ടേറ്റ്, വകുപ്പുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ, ഉപഓഫീസുകൾ എന്നിവിടങ്ങളിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനും ക്ഷീരവികസന വകുപ്പിലെ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വകുപ്പ് തല ഔദ്യോഗികഭാഷാ സമിതിയുടെ യോഗം ഓരോ മൂന്നു മാസം കൂടുന്തോറും ചേരുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി അഡീഷണൽ സെക്രട്ടറി ശ്രീ.ഷിബു എ.റ്റി (പെൻ നം. 132334)- യെ ക്ഷീരവികസന വകുപ്പിലെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ശ്രീ.ഷിബു എ.റ്റി, അഡീഷണൽ സെക്രട്ടറി, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മിൽമ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീര കർഷക ക്ഷേമ നിധി ബോർഡ്, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 23-04-2025 11:44:15
സെക്ഷൻ ഓഫീസർ

പകർപ്പ്:- ക്ഷീരവികസന വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്